## File No.LSGD-IB1/281/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിലെ ടെക്നിക്കൽ/അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയായ ശ്രീ.പ്രശാന്ത് എച്ച്.-ന്റെ അന്യത്ര സേവന കാലാവധി അവസാനിപ്പിച്ചു കൊണ്ടും മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലെ സീനിയർ ടൗൺ പ്ലാനർ ശ്രീ.ജയകുമാർ ജെ.-യെ കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ സെക്രട്ടറി (ടെക്നിക്കൽ/ അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്**

**സ.ഉ.(സാധാ) നം.173/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/01/2021

---

പരാമർശം:- 1 10.05.2013 ലെ സർക്കുലർ നം.42/2013/ധന

2 28.11.2013 ലെ സഉ(പി)നം.580/2013/ധന

3 05.12.2019 -ലെ സ.ഉ.(സാധാ)നം.2763/2019/തസ്വഭവ

4 കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി സെക്രട്ടറി (ടെക്നിക്കൽ & അഡ്മിസ്ട്രേഷൻ)-യുടെ 17.11.2020-ലെ 122/KRERA/2019 നമ്പർ കത്ത്.

5 മുഖ്യനഗരാസൂത്രകന്റെ 24.12.2020-ലെ TCPCTP/2112/2020-A3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (3) പ്രകാരം, മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലെ സീനിയർ ടൗൺ പ്ലാനറായ ശ്രീ.പ്രശാന്ത്.എച്ച്.-നെ കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിലെ സെക്രട്ടറി (ടെക്നിക്കൽ/അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ ഒരു വർഷക്കാലാവധിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ശ്രീ.പ്രശാന്ത് എച്ച്. -ന്റെ അന്യത്ര സേവന കാലാവധി 08.12.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) ഭരണപരമായ സൗകര്യങ്ങൾ കണക്കിലെടുത്ത്, ശ്രീ.പ്രശാന്ത്.എച്ചിനെ മാതൃവകുപ്പിലേക്ക് തിരികെ നിയമിക്കണമെന്നും പകരം മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിലെ സീനിയർ ടൗൺ പ്ലാനറായ ശ്രീ.ജയകുമാർ.ജെ.-യെ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ സെക്രട്ടറി (ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം മുഖ്യ നഗരാസൂത്രകൻ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ പരാമർശം (5) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടി കാര്യാലയത്തിലെ സീനിയർ ടൗൺ പ്ലാനറും നിലവിൽ കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിലെ ടെക്നിക്കൽ/ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയുമായ ശ്രീ.പ്രശാന്ത്.എച്ച്.-ന്റെ സെക്രട്ടറി (ടെക്നിക്കൽ/ അഡ്മിനിസ്ട്രേഷൻ) തസ്തികയിലെ അന്യത്ര സേവന കാലാവധി അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിക്കുന്നതിന് അനുവാദം നൽകിക്കൊണ്ട് ഉത്തരവാകുന്നു. ടിയാന് പകരം മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിലെ സീനിയർ ടൗൺ പ്ലാനറായ

## File No.LSGD-IB1/281/2020-LSGD

ശ്രീ.ജയകുമാർ.ജെ.-യെ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ സെക്രട്ടറി (ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 140 (സി)-യിലെ വ്യവസ്ഥകൾക്കും അന്യത്ര സേവനത്തിന് ബാധകമായ നിലവിലുള്ള മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE M

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

ചെയർമാൻ, കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
ശ്രീ.പ്രശാന്ത്.എച്ച്, സെക്രട്ടറി (ടെക്നിക്കൽ/ അഡ്മിനിസ്ട്രേഷൻ), കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം.
ശ്രീ.ജയകുമാർ.ജെ., സീനിയർ ടൗൺ പ്ലാനർ, മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം. (മുഖ്യ നഗരാസൂത്രകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ.), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.&.എസ്.എസ്.എ. / ഇ.&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് (വെബ് ആൻഡ്&ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signature valid

Digitally signed by MANJULA G
Date: 2021.01.2[illegible]1:58:14 IST
Reason: Approved

സെക്ഷൻ ഓഫീസർ